"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

നം-REV-P1/77/2020-REV
റവന്യൂ(പി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24/03/2020

<u>സർക്കുലർ</u>

വിഷയം:- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം- ഉത്തരവുകൾ ശരിയായി നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1 . ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ 18.03.2020-ലെ 60/N/M/(Rev)/2020 നം.കുറിപ്പ്

2. 17.02.2020-ലെ റവ-പി1/248/2019/റവ നം. സർക്കുലർ

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നത് സംബന്ധിച്ച്, സൂചന (2) പ്രകാരം പുറപ്പെടുവിച്ച സർക്കുലറിലെ ക്രമനമ്പർ 3-ലെ നിർദ്ദേശം തെറ്റായി വ്യാഖ്യാനിക്കുകയും, ഇതുമൂലം, 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട . സംരക്ഷണ (ഭേദഗതി) നിയമപ്രകാരം സ്വഭാവവ്യതിയാനം അനുവദിച്ച നൽകുന്നതിനായുള്ള അപേക്ഷകളിൽ തീർപ്പ കൽപ്പിക്കാതിരിക്കുകയും ചെയ്യുന്നതായി നിരവധി പരാതികൾ ലഭിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഇതു സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന (2) സർക്കുലറിന്റെ ക്രമനം.3-ൽ, 2008-ന് ശേഷം 'നിലം' ആയിട്ടുള്ള ഭൂമി വാങ്ങിയവർക്ക് പഞ്ചായത്തിൽ പത്തും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ അഞ്ചും സെന്റ് ഭൂമി വീട് വെയ്ക്കുന്നതിനായി പരിവർത്തനാനുമതി നൽകേണ്ടതില്ലെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരമുള്ള 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി'യുടെ പരിവർത്തനാനുമതി/സ്വഭാവവ്യതിയാന ത്തിനായുള്ള അപേക്ഷകളിൽ, ടി നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് തരം മാറ്റം അനുവദിക്കേണ്ടതാണ്. ഇപ്രകാരമുള്ള അപേക്ഷകൾക്ക് സൂചന(2) സർക്കുലറിലെ മേൽ നിർദ്ദേശം ബാധകമല്ല.

മേൽ സാഹചര്യത്തിൽ, സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ വായിച്ച

ശരിയായ രീതിയിൽ മനസിലാക്കാതെ തെറ്റായ നിലപാട് സ്വീകരിക്കുന്നത് തികച്ചും കൃത്യവിലോപം ആയി കണക്കാക്കി, അപ്രകാരം നിലപാട് സ്വീകരിക്കുന്നവർക്കെതിരെ തക്കതായ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

ബെൻസി.ജെ
അഡിഷണൽ സെക്രട്ടറി

1) കമ്മീഷണർ, ലാൻഡ് റവന്യൂ
2) ജില്ലാ കളക്ടർമാർ
5) റവന്യൂ ഡിവിഷണൽ ഓഫീസർമാർ
6) തദ്ദേശ സ്വയംഭരണ വകുപ്പ്
8) കൃഷി വകുപ്പ്
9) നിയമ വകുപ്പ്
10) വിവരവും പൊതുജന സമ്പർക്കവും വകുപ്പ് (വേണ്ടത്ര പ്രചരണത്തിന്)
11) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by Kadeeja A A
Date: 2020.05.08 13:32:43 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു. റവന്യൂ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2.ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

3. ബഹു. കൃഷി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.